ഉത്തരം

(എ, ബി) തമിഴ്നാട്ടിൽനിന്നും കേരളത്തിലേക്ക് ഒഴുകുന്ന പുഴകളിൽ തമിഴ്നാട് അണക്കെട്ടുകളും വിയറുകളും നിർമ്മിച്ചിട്ടുണ്ട്. എത്ര തടയണകൾ നിർമ്മിച്ചിട്ടുണ്ട് എന്നറിവില്ല.

(സി) കേരള-തമിഴ്നാട് സംസ്ഥാനങ്ങളിലൂടെ ഒഴുകുന്ന കാവേരി നദിയുടെ പോഷക നദികളായ ഭവാനി, പാമ്പാർ എന്നീ നദികളിൽ നിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭിക്കുന്നതിനുവേണ്ടി കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

കേരളത്തിൽ നിന്ന് അനധികൃതമായി ജലം കടത്തുന്നുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ, തൃശ്ശൂർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് റെയ്സിനുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസറൻമാരായും ഉള്ള ഒരു സംവിധാനം നിലവിലുണ്ട്. നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

ഭവാനി നദിയിലെ തടയണകൾ

90 [5234] ശ്രീ. വി. ബാലറാം:

,, എം.കെ. പോൾസൺ മാസ്റ്റർ:

,, എ. പി. അനിൽകുമാർ:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി നദീജലകരാറനുസരിച്ച് എവിടെയെല്ലാം തടയണകൾ കെട്ടുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്;

(ബി) തമിഴ്നാട് എവിടെയെല്ലാം തടയണകൾ കെട്ടിയിട്ടുണ്ട്;

(സി) ഇത് കരാറിൽ പറഞ്ഞിട്ടുള്ള കാര്യമാണോ; കരാറിൽ പറയാത്ത തടയണകൾ കെട്ടിയ നടപടിയെ ഗവൺമെന്റ് എപ്രകാരം കാണുന്നുവെന്ന് വിശദീകരിക്കുമോ;

(ഡി) കരാറിൽ പറയാത്ത തടയണകൾ കെട്ടിയ കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭവാനി നദീജലകരാർ എന്നൊരു കരാർ നിലവിലില്ല. എന്നാൽ ഭവാനി നദിയുടെ പോഷക നദിയായ ശിരുവാണിപുഴയിൽ നിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂരിലേക്കും കേരളത്തിലെ അട്ടപ്പാടി പ്രദേശത്തേക്കും വെള്ളം നൽകുന്നതിനായി ശിരുവാണി കുടിവെള്ള പദ്ധതി കരാർ നിലവിലുണ്ട്. പ്രസ്തുത കരാറിൽ തടയണകളുടെ നിർമ്മാണത്തെക്കുറിച്ച്. പരാമർശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തമിഴ്നാട് കെട്ടിയിട്ടുള്ള തടയണകളുടെ വിവരങ്ങൾ ലഭ്യമല്ല.

(സി) ശിരുവാണി കുടിവെള്ള പദ്ധതി കരാറിൽ തടയണകളുടെ നിർമ്മാണത്തെപ്പറ്റി പ്രതിപാദിക്കുന്നില്ല. തമിഴ്നാട് ഭവാനി നദിയിൽ നിർമ്മിച്ചിട്ടുള്ള അണക്കെട്ടുകൾ മൂലം അട്ടപ്പാടി പ്രദേശങ്ങളിൽ ഉണ്ടാകുന്ന വരൾച്ചയെക്കുറിച്ച് കേരളം കാവേരി നദീജല തർക്ക ട്രൈബ്യൂണലിൽ സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിൽ പരാതിപ്പെട്ടിട്ടുണ്ട്.

(ഡി) 1968-ന് മുമ്പ് തമിഴ്നാട് നിർമ്മിച്ചിട്ടുള്ള അപ്പർ ഭവാനി ഈസ്റ്റ് വരാഹർ, വെസ്റ്റ് വരാഹർ എന്നീ അണക്കെട്ടുകളെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ഭവാനി നദിയിൽ തടയണ കെട്ടുന്നതിനുള്ള കരാർ വ്യവസ്ഥകൾ

91 [5235] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, സി. പി. മുഹമ്മദ്:
,, പി. ജെ. ജോയി:
,, ഡി. സുഗതൻ:
,, എൻ.ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി നദിയിൽ മുരാലിയിൽ തടയണ കെട്ടുവാൻ സംസ്ഥാനം നടത്തിയ ശ്രമത്തിന് തടസ്സം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ശ്രമത്തിന് തടസ്സം ഏർപ്പെടുത്തിയ അതോറിറ്റിയുടെ മുമ്പാകെ ഹിയറിംഗ് സമയത്ത് കേരളം ഒപ്പുവച്ചത് ഏത് കരാറിലെ വ്യവസ്ഥകളെയാണ് ഉയർത്തിക്കാട്ടിയത്;

(സി) പ്രസ്തുത കരാറിൽ ഭവാനി നദിയിലെ ജലം പങ്കുവയ്ക്കുന്നതിനെപ്പറ്റി എന്തെല്ലാം വിധത്തിൽ പരാമർശിച്ചിരുന്നുവെന്ന് പറയുമോ;

(ഡി) ഭവാനി നദിയിലെ ജലം ഉപയോഗിക്കുവാൻ കേരളത്തിന് യഥാർത്ഥത്തിൽ അവകാശം കിട്ടുന്നത് എന്ന് ഒപ്പുവച്ച ഏത് കരാർ പ്രകാരമാണെന്ന് വിശദമാക്കുമോ;

(ഇ) ഭവാനി നദിയിലെ വെള്ളം ഉപയോഗിക്കുവാൻ ഉള്ള അവകാശം കിട്ടിയ കരാർ, അതോറിറ്റിയുടെ മുമ്പിൽ ഉയർത്തിക്കാണിച്ചിരുന്നുവോ;

(എഫ്) ഇല്ലാത്തപക്ഷം കേരളത്തിന്റെ കേസ് തോൽക്കുവാൻ ഇടയാക്കിയതിന്റെ ഉത്തരവാദിത്തം ആർക്കെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) തമിഴ്നാട് സർക്കാർ കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത പരാതിയിൻമേൽ കാവേരി നദീജല തർക്കത്തിന്റെ അന്തിമ വിധി വരുന്നതുവരെ തടയണയുടെ പണി നിർത്തിവയ്ക്കണമെന്ന് ഉത്തരവായി. ഇതിൻ പ്രകാരമാണ് തടയണയുടെ നിർമ്മാണം നിർത്തിവച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly